LIBRARY ARCHIVES Kerala Legislative Assembly

യു.ജി.സി.-യുടെ നിർദ്ദേശത്തെത്തുടർന്നാണ് ഈ സെന്ററുകൾ അടച്ചുപൂട്ടാൻ സർക്കാർ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയത്. കാലിക്കറ്റ് സർവ്വകലാശാലയുടെ വിദേശത്ത് പ്രവർത്തിക്കുന്ന വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ അടയ്ക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്. യു.ജി.സി.-യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം സെന്ററുകൾ വിദ്യാഭ്യാസ നിലവാര തകർച്ചയ്ക്ക് ആക്കം കൂട്ടുമെന്നതിനാലാണ് യു.ജി.സി. പ്രവർത്തനാനുമതി നിഷേധിച്ചിട്ടുള്ളത്.

(സി) യു.ജി.സി.-യുടെ മാനദണ്ഡമനുസരിച്ചാണ് വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ നടത്തിയിരുന്നതെന്നും വിദൂര വിദ്യാഭ്യാസ ബ്യൂറോയുടെ അംഗീകാരം ഇല്ലാതെ നടത്തിയിരുന്ന 5 കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ടെന്നും കേരള സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. യു.ജി.സി.-യുടെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ഓഫ് കാമ്പസ് സെന്ററുകൾ പ്രവർത്തിച്ചിരുന്നതെന്ന് കണ്ണൂർ, മഹാത്മാഗാന്ധി സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്. എന്നാൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ വിദൂരവിദ്യാഭ്യാസ കേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ചാൻസിലർ ടി കേന്ദ്രങ്ങൾ അടച്ചുപൂട്ടാൻ നിർദ്ദേശിക്കുകയും പ്രസ്തുത ഉത്തരവ് സർവ്വകലാശാല നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല എന്നിവ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നില്ല.

ഇ-ഡിസ്ട്രിക്ട് പദ്ധതി

21 (*411) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം റവന്യൂ വകുപ്പിലെ സർട്ടിഫിക്കറ്റുകൾ നൽകുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഉണ്ട്.

(ബി) എവിടെനിന്നും വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുകയും, ആയത് ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ നടപ്പാക്കിവരുന്നത്. ഓൺലൈനായി വില്ലേജ് ഓഫീസർക്ക് എത്തുന്ന അപേക്ഷകൾ പരിശോധനകൾക്ക് ശേഷം ഡിജിറ്റൽ ഒപ്പോടുകൂടി നൽകുന്നതിനാൽ എപ്പോൾ വേണമെങ്കിലും തൽക്ഷണം പ്രസ്തുത സർട്ടിഫിക്കറ്റുകൾ നൽകുവാൻ സാധിക്കുന്നതാണ്. റവന്യൂ വകുപ്പിൽ നിന്നും 24 ഇനം സർട്ടിഫിക്കറ്റുകളാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം ഓൺലൈൻ ആയി നൽകി വരുന്നത്.

(സി) റവന്യൂ വകുപ്പിലെ ഐ.ടി. സെല്ലുകൾ കൂടാതെ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.), അക്ഷയ സെന്ററുകൾ എന്നീ ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്.

(ഡി) ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പുകൾ/പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ വഴി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി ഉപയോഗിക്കുന്ന എല്ലാ വില്ലേജ് ഓഫീസർമാർക്കും, സ്പെഷ്യൽ വില്ലേജ് ഓഫീസർമാർക്കും, തഹസിൽദാർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടായാൽ പരിഹരിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എല്ലാ താലൂക്കുകളിലും ഹാൻഡ് ഹോൾഡിംഗ് സ്റ്റാഫിനെയും കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ വഴി നിയമിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന ലഘുരേഖകൾ വഴിയും, വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്.

സ്മാർട്ട് ചിൽഡ്രൻ പദ്ധതി

22 (*412) ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. പി. എ. മാധവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് ചിൽഡ്രൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly